## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1247** 31.10.2019-ൽ മറുപടിക്ക്

## നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

**ചോദ്യം**

**ശ്രീ.ഇ.കെ.വിജയൻ**

നാദാപുരം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ തൊട്ടിൽപ്പാലം-കുണ്ടുതോട്, കളങ്ങരത്ത്-നമ്പ്യാത്താൻ കുണ്ട്, മലയോര ഹൈവേയുടെ ഭാഗമായ പുല്ലുവ-തൊട്ടിൽപ്പാലം തുടങ്ങിയ റോഡുകളുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; എങ്കിൽ വിശദമാക്കാമോ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

തൊട്ടിൽപ്പാലം - കുണ്ടുതോട് റോഡിന് 14.25 കോടി രൂപയുടേയും, വിലങ്ങാട് - വാളൂക്ക് കമ്പളച്ചോല - കളങ്ങരത്ത് റോഡിന് 41.31 കോടി രൂപയുടേയും സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. രണ്ട് പ്രവൃത്തികളും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മലയോര ഹൈവേയുടെ ഭാഗമായ പുല്ലുവ - തൊട്ടിൽപ്പാലം റോഡിന് 88.13 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇതിൽ ആകെയുള്ള 28 കി.മീ റോഡിൽ 12.5 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമായ 14.1 കി.മീ ഭാഗത്തിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ